**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 103** **04-10-2021 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്ന് ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ യുവതയുടെ ഭാവിയെ കാർന്നുതിന്നുന്ന മയക്കുമരുന്നു മാഫിയയുടെ പ്രവർത്തനങ്ങൾ തടയുന്നതിന് ഏന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ ; | (എ) | ലഹരി മാഫിയയുടെ പ്രവർത്തനങ്ങൾ തടയുന്നതിനും ലഹരി ഉത്പന്നങ്ങളുടെ ലഭ്യത കുറക്കുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാന തലത്തിൽ ഒരു സ്റ്റേറ്റ് ലെവൽ എൻകോർഡ് (നാർക്കോ കോർഡിനേഷൻ സെന്റർ) കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയിൽ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, സംസ്ഥാന പോലീസ് മേധാവി, എക്സൈസ് കമ്മിഷണർ, ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, നികുതി വകുപ്പ്, റവന്യൂ ഇന്റലിജൻസ് ഡയറക്ടർ, കസ്റ്റംസ് വകുപ്പ്, ഫോറസ്റ്റ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ, ഡ്രഗ്സ് കൺട്രോളർ, ഫോറൻസിക് സയൻസ് ലബോറട്ടറി ഡയറക്ടർ , ചീഫ് കെമിക്കൽ എക്സാമിനർ എന്നിവർ അംഗങ്ങളാണ്. പ്രസ്തുത കമ്മിറ്റി 3 മാസത്തിൽ ഒരിക്കൽ യോഗം കൂടുകയും ലഹരി ഉത്പന്നങ്ങളുടെ വിതരണം നിയന്ത്രിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. കൂടാതെ 10.09.2021-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നം.2441/2021/ആഭ്യന്തരം പ്രകാരം ലഹരി ഉത്പന്നങ്ങളുടെ വില്പന, കടത്ത് എന്നിവ നിയന്ത്രിക്കുക, സ്കൂൾ/കോളേജ് ക്യാമ്പസുകളിൽ ലഹരി ഉത്പന്നങ്ങൾ ഉപയോഗിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുക, ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക, ഡി-അഡിക്ഷൻ കേന്ദ്രങ്ങൾ വിപുലീകരിക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് സമഗ്രമായ ഒരു കർമ്മ പദ്ധതി സർക്കാർ തയ്യാറാക്കുകയും അതിന്മേൽ പോലീസ്, എക്സൈസ്, സാമൂഹ്യ നീതി, വിദ്യാഭ്യാസം, നികുതി, തദ്ദേശ സ്വയംഭരണം , ആരോഗ്യം, വനം എന്നീ വകുപ്പുകൾക് നിർദേശങ്ങൾ നൽകിയിട്ടുമുണ്ട്. മയക്കുമരുന്ന് കടത്ത് /വിതരണം തടയുന്നതിനായി |

| | | | |
|---|---|---|---|
| | | | എക്സൈസ് വകുപ്പ് 'സ്ട്രൈക്കിംഗ് ഫോഴ്സ്' എന്ന പേരിലുള്ള എൻഫോഴ്സ്മെന്റ് ഗ്രൂപ്പുകൾ മുഖേനയും ജില്ലാതല എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് മുഖേനയും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്ഥാപിച്ച് വാഹന പരിശോധന നടത്തിയും ട്രെയിൻ / റെയിൽവേ സ്റ്റേഷൻ മാർഗമുള്ള കടത്ത് ആർ.പി.എഫ്, പോലീസ് ഡോഗ് സ്ക്വാഡ് എന്നിവരുടെ സഹായത്തോടെയും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ്, സ്റ്റേറ്റ് എക്സൈസ് ഇന്റലിജൻസ് എന്നിവ മുഖേന സംസ്ഥാന – അന്തർസംസ്ഥാന മയക്കുമരുന്ന് കടത്ത് സംബന്ധിച്ച രഹസ്യ വിവരങ്ങൾ ശേഖരിക്കപ്പെടുന്നുമുണ്ട്. ലഹരി മരുന്നുകളുടെ ദൂഷ്യഫലങ്ങളെ പറ്റി അവബോധം നൽകുന്നതിന് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ പ്രചരണ പരിപാടികളും ബോധവത്കരണ പരിപാടികളും, സാമൂഹ്യ മാധ്യമങ്ങളിലൂടെ ലഹരി വിരുദ്ധ പ്രചരണ പരിപാടികളും പോലീസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ് എന്നിവ മുഖേന രഹസ്യവിവരങ്ങൾ ശേഖരിച്ചും പോലീസ് വകുപ്പ് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |
| (ബി) | ജില്ലാ /താലൂക്ക് കേന്ദ്രീകരിച്ച് ശ്വാന സേന രൂപീകരിക്കുകയാണെങ്കിൽ മയക്കുമരുന്ന് വിപണനവും ഉപയോഗവും ഒരു പരിധി വരെ നിയന്ത്രിക്കാൻ പറ്റുമെന്നതിനാൽ ഇത്തരം ശ്വാന സേനകൾ ജില്ലാ / താലൂക്ക് കേന്ദ്രീകരിച്ച് കൊണ്ടുവരുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | എല്ലാ ജില്ലകളിലും ശ്വാനസേന രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ